**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2336 09.12.2014-ലെ മറുപടിയ്ക്ക്

## കേരഫെഡിന്റെ 2013-14 ലെ പ്രവർത്തനം

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ.ദാസൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| കേരഫെഡിന്റെ 2013-14 ലെ പ്രവർത്തനത്തെക്കുറിച്ചുള്ള സഹകരണ വകുപ്പ് രജിസ്ട്രാറുടെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ഇടപാടുകളിലൂടെ കേരഫെഡിനുണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടം എത്ര കോടി രൂപയുടേതാണെന്ന് വിശദമാക്കുമോ ? | കേരഫെഡിന്റെ 2013-14 ലെ ആഡിററ് ചെയ്ത ബാക്കി പത്ര പ്രകാരം 95,31,985.37 രൂപയാണ് അറ്റനഷ്ടം. കേരഫെഡിന്റെ 2013-14 ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ഇടപാടുകളിൽ നിയമവിധേയമല്ലാതെ ചെലവാക്കിയിട്ടുള്ള തുകകൾ ആഡിറ്റിൽ തടഞ്ഞിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. കരുനാഗപ്പള്ളി ഫാക്ടറിയിൽ ഫയർഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് അധികം ചെലവാക്കിയ തുക – 64400/- രൂപ<br>2. ഭരണസമിതി അംഗങ്ങൾക്ക് കോംപ്ലിമെന്റ് നൽകുന്നതിന് ചെലവാക്കിയ 5,84,500/- രൂപയും ബോർഡ് അംഗങ്ങൾക്ക് സെയിൽസ് പ്രമോഷന് |

പ്രത്യേക ഉപഹാരം
നൽകുന്നതിന്
ചെലവാക്കിയ
4,18,350/- രൂപയും
പൊതുയോഗത്തിൽ
പങ്കെടുത്ത
അംഗങ്ങൾക്ക് ഗിഫ്റ്റ്
എന്നിവ നൽകുന്നതിന്
ചെലവാക്കിയിട്ടുള്ള
11,80,000/- രൂപ
ഉൾപ്പെടെ ആകെ
ചെലവാക്കിയതുകയായ
21,82,850/- രൂപ
(ഇരുപത്തി ഒന്നു
ലക്ഷത്തി
എൺപത്തിരണ്ടായിര
ത്തി എണ്ണൂറ്റി അൻപത്).

3. സഹകരണ സംഘം
രജിസ്ട്രാറുടെ
അനുമതിയില്ലാതെ മൂന്ന്
വാഹനങ്ങൾ വാങ്ങിയ
തുകയായ 31,15,264/-
രൂപയും
4. സഹകരണ സംഘം
രജിസ്ട്രാറുടെ
നിർദ്ദേശങ്ങൾക്ക്
വിരുദ്ധമായും ഭരണ
സമിതിയുടെ
അംഗീകാരമില്ലാതെയും
മാർക്കറ്റിംഗ് കോ-
ഓർഡിനേറ്റർക്ക്
നൽകിയ
ശമ്പളയിനത്തിൽ
4,64,516/- രൂപയും,
റ്റി.എ. ഇനത്തിലും
നൽകിയ 76,851/-
രൂപയും ഉൾപ്പെടെ
ആകെ 5,41,367/-
രൂപയും
(അഞ്ചുലക്ഷത്തി
നാല്പത്തി ഒന്നായിരത്തി
മുന്നൂറ്റി അറുപത്തേഴ്)

5. കോൺട്രാക്ട് ജീവനക്കാർക്ക് അനധികൃതമായി നൽകിയിട്ടുള്ള തുകയായ 75,47,864/- രൂപയും (2009-10 മുതൽ 2013-14 വരെ)
6. ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെ പ്ലാന്റ് & മെഷീനറി സ്ഥാപിച്ചതിന് ചെലവാക്കിയ തുകയായ 3.14 കോടി രൂപയും
7. ഡ്രയർ സ്ഥാപിച്ചതിന് ചെലവാക്കിയ 2,30,35,432/- രൂപയും ആഡിറ്റിൽ തടഞ്ഞിട്ടുണ്ട്.

കൂടാതെ 1,75,54,215/- രൂപയുടെ 1887.55 ക്വിന്റൽ കൊപ്ര സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആയത് സ്റ്റോക്കിൽ കുറവായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന് ആഡിറ്റ് സർട്ടിഫിക്കറ്റ് കൃഷി വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ